**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 645** **28-06-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ കർഷകർക്ക് വൈദ്യുതിലഭ്യത ഉറപ്പുവരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ കൃഷി ഇറക്കുമ്പോൾ വൈദ്യുതി ലഭ്യത ഉറപ്പ് വരുത്താൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) | ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് കുട്ടനാട്ടിൽ കൃഷി ആവശ്യത്തിന് യാതൊരു താമസവും കൂടാതെ കണക്ഷൻ നൽകി വരുന്നുണ്ട്.<br><br>നിലവിലുള്ള കുട്ടനാട് 66 കെ.വി. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ച് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരി ക്കുന്നതോട്ടു കൂടി വൈദ്യുതിയുടെ ലഭ്യതയും ഗുണനിലവാരവും മെച്ചപ്പെടുന്നതാണ്. |
| (ബി) | കർഷകർക്ക് നൽകുന്ന വൈദ്യുതിക്ക് ചാർജ്ജ് കുറച്ച് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും, ടി സേവനങ്ങൾക്കായി ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന തുക എന്നിവ നിശ്ചയിക്കുന്നത് കേരള സ്റ്റേറ്റ് റഗുലേറ്ററി കമ്മീഷൻ ആണ്. നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള സബ്സിഡി നിരക്കുകൾ അനുസരിച്ചാണ് എല്ലാ കാർഷിക കണക്ഷനുകൾക്കും വൈദ്യുതി ബിൽ നൽകി വരുന്നത്. ഇതിൽ നിന്നും കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ, ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ് മാത്രമാണ് (കർഷകൻ നേരിട്ട് അടക്കാതെ) കൃഷി ഭവൻ മുഖേന അടയ്ക്കുന്നത്.<br><br>സംസ്ഥാനത്ത്, നിലവിൽ കാർഷികാ വശ്യങ്ങൾക്കുള്ള വൈദ്യുതി, വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിൽ, LT V (A) കാർഷിക താരിഫിലാണ് നൽകി വരുന്നത്. താഴെ പറയുന്ന ഇളവുകളാണ് സംസ്ഥാനത്തെ കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.<br><br>2012-13 സാമ്പത്തിക വർഷം മുതൽ, സംസ്ഥാനത്തെ കർഷകർക്ക്, കമ്മീഷൻ നിശ്ചയിച്ചുവരുന്ന എനർജി ചാർജ്ജിൽ യൂണിറ്റൊന്നിന് 85 പൈസാ നിരക്കിൽ സംസ്ഥാന |

| | | | |
|---|---|---|---|
| | | | ഗവൺമെന്റ് സബ്സിഡി നൽകി വരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട<br><br>ഏകദേശം 4.5 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാകുന്നുണ്ട്. ടി ഇനത്തിൽ പ്രതിവർഷം ഏകദേശം 25 കോടിയോളം രൂപയാണ് നൽകി വരുന്നത്.<br><br>സംസ്ഥാന ഗവൺമെന്റ്, നിഷ്കർഷി ച്ചിട്ടുള്ള ഭൂപരിധിയുള്ള കാർഷിക ഉപഭോക്താക്കൾക്ക് (നെൽകൃഷിക്ക് പരിധി യില്ലാതെയും മറ്റു കാർഷിക വിളകൾക്ക് ഏറ്റവും കുറഞ്ഞത് 30 സെന്റ് [അതിൽ 75% എങ്കിലും കൃഷിക്ക് ഉപയുക്തമായിരിക്കണം], പച്ചക്കറി കൃഷി -10 സെന്റ്, വെറ്റില കൃഷി-5 സെന്റ്) കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് പൂർണ്ണമായും സൗജന്യമായി നൽകി വരുന്നു. ഇതിന്റെ ആനുകൂല്യം ഏകദേശം 2.8 ലക്ഷം കാർഷിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ടി ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 12 കോടിയോളം രൂപ വരും.<br><br>ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധി യില്ലാത്ത കാർഷിക ഉപഭോക്താക്കൾക്ക്, യൂണിറ്റൊന്നിന് 2.76 രൂപ നിരക്കിലാണ് നൽകി വരുന്നത്. അതായത്, ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ പ്രിമൈസസിൽ എത്തിക്കുന്നതിനാവശ്യമായ ചിലവായ (Average Cost of Supply) 6.50 രൂപയെക്കാൾ വളരെ കുറഞ്ഞ നിര ക്കിലാണ് ടി വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ